(സി) വർദ്ധിച്ച് ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പട്ടികജാതിക്കാർക്കുള്ള ഉദ്യോഗസംവരണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ) ഉദ്യോഗ നിയമനങ്ങളിൽ പട്ടികജാതിക്കാർക്ക് 8 ശതമാനവും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2 ശതമാനവും സംവരണം ഇപ്പോൾ നിലവിലുണ്ട്. ഈ വിഭാഗങ്ങളുടെ സാമ്പത്തിക-സാമൂഹ്യ-പിന്നോക്കാവസ്ഥയും ജനസംഖ്യയും പരിഗണിച്ചുകൊണ്ടാണ് ഈ സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്. 1981-ലെ സെൻസസ് കണക്കനുസരിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സംവരണത്തോതു പുതുക്കി നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ ഗവൺമെൻറിന്റെ പരിഗണനയിലില്ല.

(ബി) ഉണ്ട്.

(സി) സംവരണക്കാര്യത്തിൽ ദേശീയതലത്തിൽ ഒരു അഭിപ്രായ സമന്വയം ഉണ്ടാകുന്നതുവരെ നിലവിലുള്ള സംവരണവ്യവസ്ഥകളിൽ മാറ്റം വരുത്തരുതെന്ന കേന്ദ്രഗവൺമെൻറിന്റെ നിർദ്ദേശമനുസരിച്ച് ഇപ്പോൾ സംസ്ഥാനത്തു നിലവിലുള്ള സംവരണ വ്യവസ്ഥകളിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് ഈ ഗവൺമെൻറ് തീരുമാനിച്ചിരിക്കുകയാണ്.

പട്ടികജാതിക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള സംസ്ഥാനതല ഉപദേശക സമിതി

436 [549] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതിക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുള്ള സംസ്ഥാനതല ഉപദേശക സമിതി എത്ര പ്രാവശ്യം യോഗം കൂടിയിട്ടുണ്ടെന്നു വെളിപ്പെടുത്താമോ ;

(ബി) ഏതെല്ലാം തീയതികളിൽ ?

ഉത്തരം

(എ) മൂന്നു പ്രാവശ്യം.

(സി) 24-1-1984, 20-7-1984, 23-9-1985 എന്നീ തീയതികളിൽ.

പട്ടികജാതിക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ജില്ലാതല ഉപദേശക സമിതികൾ

437 [550] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതിക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ജില്ലാതല ഉപദേശക സമിതികൾ ഓരോ ജില്ലയിലും എത്ര പ്രാവശ്യം വീതം കൂടിയെന്നു പറയാമോ ?

ഉത്തരം

തിരുവനന്തപുരം ജില്ലയിൽ 16 പ്രാവശ്യവും കൊല്ലം ജില്ലയിൽ 13 പ്രാവശ്യവും ആലപ്പുഴ ജില്ലയിൽ 12 പ്രാവശ്യവും ജില്ലാതല ഉപദേശക സമിതികൾ കൂടിയിട്ടുണ്ട്. മറ്റുള്ള ജില്ലകളെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly